# ആലുവ സംവാദ വിഷയത്തിലെ വസ്തുതയെന്ത്?

**പി.എ.ജെ. തുറക്കൽ**

മുസ്‌ലിം മതസംഘടനകൾക്കിടയിലുള്ള അഭിപ്രായ ഭിന്നതകളും പ്രഭാഷണങ്ങളും ഖണ്ഡന ങ്ങളും ചിലപ്പോഴൊക്കെ സംഘടിപ്പിക്കപ്പെടുന്ന സംവാദങ്ങളും കേരളത്തിന് പുത്തരിയല്ല. സംവാദം കൊണ്ട് കഴിഞ്ഞോ? ഇല്ല. അനുയായികളെ കൂട്ടി തെരുവിലറങ്ങി 'വിജയാഘോഷം' പൊടി പൊടിക്കും. അത് കൊണ്ടും തീർന്നില്ല. നാട് നീളെ 'സംവാദ ജേതാക്കൾക്ക്' സ്വീകരണ വും. ഇതെല്ലാം നടന്നാൽ വിജയം നമ്മുടെ പക്ഷത്ത് തന്നെയെന്ന് ക്വൗമിന്റെ ഇജ്മാആയി. ''എന്തിനാണീ ജയിക്കാനായി മാത്രം ജനിച്ച ഉസ്താദുമാർ ഇടക്ക് വെച്ച് സംവാദം നിറുത്തി പ്പോന്നത്? രണ്ട്മൂന്ന് മണിക്കൂറ് കൂടി ഒന്ന് ഇരുന്ന് കൊടുത്തിരുന്നെങ്കിൽ അവരെ ഈസിയായി പരാജയപ്പെടുത്തി ഏത്തമിടീച്ച ശേഷം തിരിച്ച് പോന്നു കൂടായിരുന്നോ?'' എന്നൊന്നും ആരും ചോദിക്കരുത്.

അന്ത്യനാളിനോടടുത്തായി മസീഹ് ഈസാ(റ) ഇറങ്ങി വരുമെന്ന് ഇമാം ബുഖാരി, ഇമാം മുസ്‌ലിം മുതലായ മുഹദ്ദിസുകൾ ഉദ്ധരിച്ച നബിവചനത്തിൽ കാണാം. നീതിമാനായ ഒരു വിധി കർത്താവായിക്കൊണ്ട് ഈസാ ഇറങ്ങി വരുന്നതാണ്, അങ്ങനെ അദ്ദേഹം കുരിശ് തകർക്കും, പന്നിയെ നശിപ്പിക്കും, മനുഷ്യർക്കിടയിലുള്ള വിരോധം അവസാനിപ്പിക്കും എന്നൊക്കെ പ്രസ്തുത ഹദീസുകളിലുണ്ട്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഇതുദ്ധരിച്ചിട്ടുള്ളത് അബൂ ഹുറൈറ(റ)യിൽ നിന്നാണ്. എന്നാൽ അബൂഹുറൈറ(റ)വിൽ നിന്ന് തന്നെ മുസ്നദ് അബീയ അ്‌ലയിൽ ഈ സംഭവം ഉദ്ധരിച്ചതിന്റെ അവസാന ഭാഗത്ത് കൂടുതലായ ചില വാക്കുകളും കൂടി കാണാം. അത് ഇപ്രകാരമാണ്: ''ശേഷം അദ്ദേഹം എന്റെ ക്വബ്റിൻ മുകളിൽ വന്ന് ഓ മുഹമ്മദ് എന്ന് വിളിച്ചാൽ ഞാൻ അദ്ദേഹത്തിന് ഉത്തരം ചെയ്യും''

ഇമാം അബൂയഅ്‌ല(റ) അബൂഹുറൈറ(റ)യിൽ നിന്നുദ്ധരിക്കുന്ന ഈ ഹദീസിലല്ലാതെ മറ്റു ഹദീസുകളിലൊന്നും ഈ അവസാന ഭാഗം കാണുന്നില്ല. പ്രബലരായ കണ്ണികളിലൂടെ ഒരു ഹദീസ് നിവേദനം ചെയ്യപ്പെടുകയും അതിലില്ലാത്ത കൂടുതലായ ചില ഭാഗം മറ്റ് കണ്ണികളിലൂടെ ഉദ്ധരിക്കപ്പെട്ടതിൽ കാണുകയും ചെയ്യുന്നുവെങ്കിൽ അതും സ്വീകാര്യമാകുന്നു എന്നതാണ് പണ്ഡിത തീരുമാനം. വിശേഷിച്ചും നമ്മുടെ ഈ ഹദീസ്. അവസാന ഭാഗം കൂടുതലായി വന്ന ഈ ഭാഗം ഹദീസിന്റെ ആദ്യഭാഗത്തിലുള്ളതിന് എതിരാകുന്നില്ല താനും. അതിനും പുറമെ കൂടുതലുള്ള ഈ ഭാഗം (എന്റെ ക്വബ്റിനടുത്ത് വന്ന് ഓ മുഹമ്മദ് എന്ന് വിളിച്ചാൽ ഞാനദ്ദേഹ ത്തിൻ ഉത്തരം നൽകും) ഉദ്ധരിക്കുന്നവർ ഒരാളൊഴിച്ച് മറ്റെല്ലാവരും ബുഖാരിയിലെ സനദുക ളിൽ സ്വീകരിക്കപ്പെട്ടവരുമാണ്. ബുഖാരിയുടെ സനദുകളിൽ കാണപ്പെടാത്ത ആ ഒരാൾ ഇമാം മുസ്‌ലിമിന്റെ ചില സനദുകളിൽ വന്നിട്ടുമുണ്ട്.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും തർക്കത്തിലിരിക്കുന്ന സംവാദ വിഷയത്തിന് പല കാരണങ്ങളാലും ഇതിൽ തെളിവില്ല. ഒന്ന്, ഇതിൽ ഇസ്തിഗാസയില്ല. എന്റെ രോഗം സുഖപ്പെടു ത്തണേ, എന്നെ അപകടത്തിൽ നിന്ന് രക്ഷിക്കണേ, മുഹ്‌യിദ്ദീൻ ശൈഖേ കാക്കണേ തുടങ്ങി യവ പോലുള്ള തേട്ടം ഇതിലില്ല. മുജാഹിദുകൾക്ക് പ്രാർത്ഥനയുടെ നിർവ്വചനത്തിൽ തെറ്റ് പറ്റി എന്ന് തെളിയിക്കാൻ ഇത് ഒട്ടും പര്യാപ്തമല്ല താനും. അത് കൊണ്ടാണ് മറുഭാഗം ഇതുദ്ധരിച്ച് ചോദ്യം ആരംഭിച്ചത് മുതൽ ഇതിൽ നാം തമ്മിൽ തർക്കത്തിലിരിക്കുന്ന ഇസ്തിഗാസയില്ലെന്ന് ഹനീഫ് കായക്കൊടി മറുപടിയിൽ പറഞ്ഞ് കൊണ്ടിരുന്നതും. അതല്ലെങ്കിൽ മരണപ്പെട്ടവരെ വിളിച്ച് സഹായം തേടാൻ ഇതിൽ തെളിവുണ്ടെന്ന് അംഗീകൃത പണ്ഡിതൻമാർ ആരെങ്കിലും

സമർത്ഥിക്കണം. അതും കണ്ടില്ല. അത് കൊണ്ടാണ് ഇതിൽ ഇസ്തിഗാസയുണ്ടെന്ന് ആര് പറഞ്ഞുവെന്ന് ഹനീഫ് കായക്കൊടി ഉന്നയിച്ച് കൊണ്ടിരുന്നത്. അതിന് മറുപടിയുണ്ടോ? അതുമില്ല. ഒരു കൂട്ടർ അവരുടെ ചോദ്യസമയത്ത് വല്ലതും തെളിവായി ഉദ്ധരിച്ചാൽ അവരുടെ വാദത്തിന് അതിൽ തെളിവ് കാണിച്ച് തരാൻ ആവശ്യപ്പെടാമല്ലോ. ഇതല്ലാതെ ഉത്തരം പറയുന്ന സമയം ചോദ്യം ചോദിച്ചതല്ല.

മുജാഹിദ് പക്ഷത്ത് നിന്നുള്ള ചോദ്യസമയത്ത് ഉന്നയിച്ച ചോദ്യത്തെ തൊട്ട് നോക്കാൻ പോലും ധൈര്യം കാണിക്കാത്തവർ ഇപ്പോഴുണ്ടോ ഉരിയാടുന്നു? അവരുടെ ചോദ്യത്തിൽ തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് തെളിവില്ല എന്ന് വ്യക്തമാക്കിക്കൊടുത്തിട്ടും വീണ്ടും അത് ചോദിച്ച് കൊണ്ടിരിക്കുകയല്ലാതെ കാര്യം വ്യക്തമാക്കിയില്ല. എന്നിട്ട് തന്നെ 'അദ്ദേഹം നിന്നാൽ' എന്നർത്ഥം വരുന്ന 'ലഇൻ ക്വാമ' വായിക്കാൻ എത്ര സമയം അറച്ച് നിന്നു? അത് വായിച്ചപ്പോഴേക്കും കള്ളി പൊളിഞ്ഞില്ലേ? അതോടെ മുന്നോട്ട് പോകൽ നിലക്കുകയും ചെയ്തു.

ഇനി ഈ വാദം ഉന്നയിച്ചവർക്ക് പറയാനുള്ളത്, വിളിച്ച് തേട്ടമില്ലെങ്കിലും അഭൗതികമാർഗ്ഗത്തിലൂടെ ഇതിൽ വഫാതായ നബിയെ കേൾപ്പിക്കലുണ്ടല്ലോ, അത് സമ്മതിച്ചോ എന്നാണ്. എന്നാൽ ഇവിടെ ഒരു കാര്യം അറിഞ്ഞിരിക്കണം. അല്ലാഹുവിൽ നിന്ന് വഹ്‌യുള്ള ഒരു നബിയെക്കുറിച്ചാണ് എന്റെ ക്വബ്റിന്നരികിൽ വന്ന് വിളിച്ചാൽ ഞാൻ ഉത്തരം ചെയ്യുമെന്ന് നബി(സ്വ) പറയുന്നത്. അങ്ങനെ വിളിക്കുമെന്നത് സംഭവിക്കുമെന്ന് തന്നെ അംഗീകരിച്ചാൽ പോലും വിഷയത്തിന് രേഖയല്ല. കാരണം, ഒരു പ്രവാചകനാണ് വിളിക്കുന്നത്. ഈ വിളി വെറും ഭൗതിക കാര്യമല്ല. അല്ലാഹുവിന്റെ ആജ്ഞയനുസരിച്ചായിരിക്കും ഈസാ(അ)യുടെ വിളി. അങ്ങനെ വിളിക്കാൻ അല്ലാഹു ആജ്ഞാപിക്കുമ്പോൾ അത് വഫാതായിപ്പോയ നബി(സ്വ)യെ കേൾപ്പിക്കാനും അല്ലാഹുവാണ് ഏൽക്കുന്നത്. ഈസാ(അ) ഇറങ്ങി വന്ന് ഇന്നതെല്ലാം ചെയ്യുമെന്നതും നബി(സ്വ)ക്കുള്ള വഹ്‌യിലൂടെയാണ് നാം അറിയുന്നതും. അതിനാൽ ഈസാ(അ) ശിർക്ക് ചെയ്യുമോ? എന്ന ചോദ്യം തന്നെ അസ്ഥാനത്താണ്. കേൾപ്പിക്കാനും ഉത്തരം കൊടുക്കാനും കഴിവ് കൊടുക്കുന്ന അല്ലാഹു തന്നെയാണ് വിളിക്കാനും കൽപ്പിക്കുക. ഒന്നുകിൽ ഈസാ(അ) തന്നിഷ്ടമനുസരിച്ച് മാത്രമാണ് വിളിക്കുക എന്നത് തെളിയിക്കണം. അല്ലെങ്കിൽ ഈസാ(അ)യുടെ തിരിച്ചുവരവ്കാലത്ത് അദ്ദേഹത്തിൻ വഹ്‌യ് ഉണ്ടാവുകയില്ല, അത് നിലച്ച് പോയി എന്നതിന് തെളിവ് വേണം.

ഇതിനെല്ലാം പുറമെ പ്രസ്തുത രിവായത്ത് പൂർണമായും സ്വഹീഹായ സനദിലൂടെ ഉദ്ധരിക്കപ്പെട്ടതല്ല. പ്രസ്തുത രിവായത്തുകളിലെ കണ്ണികളിൽ ഒരാളൊഴിച്ച് ബാക്കി എല്ലാവരും ബുഖാരി-മുസ്‌ലിമിന്റെ റാവികളാണെന്നും, ഒരാൾ മുസ്‌ലിമിന്റെ റാവിയാണെന്നും മുമ്പ് പറഞ്ഞുവല്ലോ. പിന്നെ എങ്ങനെയാണ് ഇത് പൂർണമായും സ്വഹീഹായ സനദിലൂടെ ഉദ്ധരിക്കപ്പെട്ടതല്ല എന്ന ന്യായം ശേഷിക്കുക എന്ന സംശയം സ്വാഭാവികമാണ്.

ഇവിടെ ആദ്യമായി ഒരു കാര്യം അറിഞ്ഞിരിക്കണം. ബുഖാരിയിലും മുസ്‌ലിമിലും കാണുന്ന എല്ലാ ഹദീസുകളും സ്വഹീഹ് മാത്രമാണെന്ന് വിശ്വസിക്കുന്ന ഒരാൾ അതിലെ എല്ലാ റാവികളും പ്രബലരാണെന്ന് വിശ്വസിക്കണമെന്നില്ല. അത് പോലെ ബുഖാരിയിലെയും മുസ്‌ലിമിലെയും റാവികളിൽപെട്ട ഒരാളെ ഹദീസ് പണ്ഡിതൻമാരുടെ വിലയിരുത്തൽ അനുസരിച്ച് ഒരാൾ ദുർബ്ബലനായി കാണുന്നുണ്ടെങ്കിൽ അയാൾ വഴിയായി ബുഖാരിയിലും മുസ്‌ലിമിലും ഉദ്ധരിക്കപ്പെട്ട ഹദീസുകൾ ദുർബ്ബലമാണെന്നോ അസ്വീകാര്യമാണെന്നോ വിശ്വസിക്കുന്നില്ല. എന്ത് കൊണ്ടെന്നാൽ, അങ്ങനെ സനദിൽ ആരോപിക്കപ്പെട്ട വ്യക്തികളുണ്ടെങ്കിൽ ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അത് അറിയായ്കയല്ല. മറിച്ച്, സ്വഹീഹായ സനദിലൂടെ അവർ ആദ്യം ഉദ്ധരിച്ച ഹദീസിന് ഉപോൽബലകമായി അത്ര പ്രബലമല്ലാത്ത, അല്ലെങ്കിൽ ബലഹീനമായ മറ്റ് സനദിലൂടെ കിട്ടിയ ഹദീസും അവിടെ ഉദ്ധരിക്കുന്നു. അതിനാൽ അതിന്റെ സനദിൽ പൂർണമായും യോഗ്യരാണെന്ന് ധരിക്കരുത്. ആദ്യം ഒര് ഹദീസ് സ്വഹീഹായ സനദിലൂടെ ഉദ്ധരിക്കും. അതാണ് അസ്ൽ (അടിസ്ഥാനപരമായിട്ടുള്ളത്). ശേഷം അതേ ഹദീസ് പ്രബലമ

ല്ലാത്ത സനദിലൂടെ വന്നതും ഉദ്ധരിക്കും. ഇതിനാണ് ഹദീസ് പണ്ഡിതൻമാർ മുതാബഅത്ത് (അനുബന്ധാനുകരണം) എന്ന് പറയുന്നത്. അങ്ങനെ മുതാബഅത്തിന് വേണ്ടിയോ ശാഹിദാ യിക്കൊണ്ടോ ആണ് അത്തരം ആളുകളെ മുസ്‌ലിം ഉദ്ധരിക്കുക. ഇത് കൂടാത്ത പ്രബലരായ സനദിലൂടെ സ്വഹീഹായി വന്ന ഹദീസാണെന്ന് അറിഞ്ഞ ശേഷം പ്രബലൻമാരിൽ പെട്ട ആളു കളിലൂടെ വന്ന സനദ് ഉപേക്ഷിച്ച് കൊണ്ട് പ്രബലൻമാർ മാത്രം അല്ലാത്തവരിലൂടെ തന്നെ പ്രസ്തുത ഹദീസ് വല്ലപ്പോഴും അവർ ഉദ്ധരിക്കും. ഇത് ചിലപ്പോൾ സനദിലെ കണ്ണികൾ നീണ്ട് പോകാതെ ചുരുങ്ങിക്കിട്ടാനായിരിക്കും അവർ അത് ചെയ്യുന്നത്.

ചുരുക്കത്തിൽ സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലും ഉദ്ധരിക്കപ്പെട്ട ഹദീസുക ളിലെ സനദിൽ വല്ല സ്ഥലത്തും ന്യൂനത പറയപ്പെടുകയോ ആക്ഷേപിക്കപ്പെടുകയോ ചെയ്ത ആളുകൾ മറ്റ് വല്ല ഗ്രന്ഥങ്ങളിലും വേറെ ചില ഹദീസിലെ സനദിൽ കാണപ്പെടുന്നുവെങ്കിൽ അത് സ്വഹീഹാണെന്ന് തെളിയിക്കപ്പെടാത്തോളം തെളിവിന് കൊള്ളുകയില്ല എന്നൊരാൾ പറ ഞ്ഞാൽ ബുഖാരിയെയും മുസ്‌ലിമിനെയും തള്ളുന്നു എന്ന് വിളിച്ച് കൂവൽ വെറും പരാതി പറ യൽ മാത്രമാണ്.

എന്നാൽ ഈസാനബി(അ)യുടെ പുനരാഗമന കാലത്ത് അദ്ദേഹം നബി തന്നെയാണ്. മുമ്പ് അദ്ദേഹത്തിന് ലഭിച്ച നുബുവ്വത്ത് നീക്കം ചെയ്തതിന് ശേഷമാണ് അദ്ദേഹം ഇറങ്ങി വരുന്ന തെന്ന് പ്രമാണങ്ങളിൽ എവിടെയുമില്ല. നീതിമാനായ വിധികർത്താവായി വരും എന്ന് പറഞ്ഞ തിൽ നിന്ന് നുബുവ്വത്ത് നീക്കം ചെയ്യപ്പെട്ട ശേഷമാണ് ആഗമനം എന്ന് കിട്ടുകയുമില്ല. പ്രാമാണിക പണ്ഡിതൻമാർ ആരും തന്നെ അങ്ങനെ വ്യാഖ്യാനിച്ചിട്ടുമില്ല. 'ഹകമൻ മുഖ്സി തൻ' (നീതമാനായ വിധികർത്താവായി) എന്നതിനെ വ്യാഖ്യാനിച്ച് കൊണ്ട് നവവി ഇമാം ഇങ്ങനെ പറഞ്ഞു: ''അതായത് ഈ ശരീഅത്തിലെ വിധിനായകനായി അദ്ദേഹം ഇറങ്ങി വരും. മറ്റ് ശരീഅത്തുകളെ ദുർബ്ബലപ്പെടുത്തുന്ന ശരീഅത്തുമായോ സ്വതന്ത്ര രിസാലത്തുള്ള നബി യായോ അല്ല അദ്ദേഹം ഇറങ്ങി വരുന്നത്.''

ഇപ്പറഞ്ഞതിൽ നിന്ന് അദ്ദേഹത്തിൽ നിന്ന് നുബുവ്വത്ത് നീക്കം ചെയ്ത ശേഷമാണ് നിയോഗി ക്കപ്പെടുക എന്ന് കിട്ടുകയില്ല. മറിച്ച്, നമ്മുടെ ശരീഅത്തിലെ നിയമങ്ങളെ ദുർബ്ബലപ്പെടുത്തുന്ന ഒരു വേറെ പുതിയ ശരീഅത്തുമായി അല്ല അദ്ദേഹത്തിന്റെ പുനരാഗമനം എന്ന് മാത്രമാണ് നവവി ഇമാമിന്റെ വിവരണം. നവവി ഇമാമിന്റെ ഈ വിവരണം കണ്ട് കൊണ്ട് അദ്ദേഹം ഭൂമി യിൽ വരുമ്പോൾ അക്കാലത്ത് അദ്ദേഹത്തിന് വഹ്‌യ് ലഭിക്കുകയില്ല എന്ന് കണ്ട് പിടിക്കുന്നത് ശരിയല്ല.

ഈസാനബി(അ)യുടെ പുനരാഗമനകാലത്ത് അദ്ദേഹം എങ്ങനെ വിധി നൽകും എന്ന സംശയ ത്തിന് മറുപടി നൽകുന്ന കൂട്ടത്തിൽ സുയൂത്വി ഒരു രൂപം ഇങ്ങനെ വിവരിക്കുന്നു: ''ഈസ(അ) നബിയാണ്. അതിനാൽ അദ്ദേഹത്തിന് ക്വുർആനിലുള്ളതിന്റെ ആശയം അറിയും. അങ്ങനെ അതനുസരിച്ച് വിധി നൽകും'' (അൽഹാവി 2/161)

സുബ്കി പറഞ്ഞതായി സുയൂത്വി ഉദ്ധരിക്കുന്നു: ''ഈസ (അ)യുടെ നുബുവ്വത്ത് അവശേഷി ക്കുന്നതോടൊപ്പം അദ്ദേഹം ഈ നബിയുടെ ഉമ്മത്തിൽ പെട്ട ആളായിരിക്കും.'' (അൽഹാവീ 2/161)

സുബ്കി പറഞ്ഞതായി സുയൂത്വി വീണ്ടും ഉദ്ധരിക്കുന്നു: ''മുമ്പ് ഈസ(അ) നബിയായിരുന്ന പോലെ നബിയായിക്കൊണ്ട് തന്നെ നബി(സ്വ)യുടെ ശരീഅത്തിലായി അദ്ദേഹം അന്ത്യനാളിൽ വരും. ചില ആളുകൾ വിചാരിച്ച പോലെ ഈസനബി ഈ ഉമ്മത്തിലെ ഒരാളായിട്ടാണ് വരിക യെന്ന്. അങ്ങനെയല്ല. നാം മുമ്പ് പറഞ്ഞ രൂപത്തിൽ ഈ ഉമ്മത്തിലെ ഒരാളായിട്ടാണ് വരിക'' (അൽഹാവി 2/166)

എനിക്ക് ശേഷം നബിയില്ല എന്ന ഹദീസ് തെളിവാക്കുന്ന ഒരാൾക്ക് മറുപടിയായി സുയുത്വി പറയുന്നത് കാണുക: ''ഓ സാധൂ, നീ പറഞ്ഞതിന് ഒരു നിലക്കും പ്രസ്തുത ഹദീസിൽ തെളിവില്ല. നബി(സ്വ)യുടെ ശരീഅത്തിനെ ദുർബ്ബലപ്പെടുത്തുന്ന ഒരു ശരീഅത്തുമായി ഇനിയൊരു പുതിയ നബി വരുകയില്ല എന്നാണ് ഉലമാക്കൾ അതിനെക്കുറിച്ച് പറഞ്ഞത്.'' (അൽഹാവീ 2/166)

ഈസാ(അ)യുടെ പുനരാഗമനത്തെക്കുറിച്ചും ദജ്ജാലിനെ കുറിച്ചുമെല്ലാം വിവരിക്കുന്ന ഇമാം മുസ്‌ലിം ഉദ്ധരിച്ച നബിവചനത്തിന്റെ ആശയം ഇങ്ങനെ കാണാം: ''ആർക്കും നേരിടാൻ കഴിയാത്ത ആ സൃഷ്ടികൾ പുറത്ത് വരുന്നു. അതിനാൽ എന്റെ അടിമകളെ നീ ത്വൂറിലേക്ക് മാറ്റുക എന്ന് ശേഷം അല്ലാഹു ഈസാ(അ)ക്ക് വഹ്‌യ് നൽകും. അതോടെ യഅ്ജൂജ് മഅ്ജൂജിനെ അല്ലാഹു അയക്കുകയായി'' (മുസ്‌ലിം 2137)

ഈസാ(അ)യുടെ പുനരാഗമനത്തിന് ശേഷവും അദ്ദേഹത്തിന് വഹ്‌യ് ലഭിക്കുമെന്ന് ഇത് വ്യക്തമാക്കുന്നു.

ഏതെങ്കിലും പ്രയാസ ഘട്ടത്തിൽ രക്ഷ കിട്ടാനായി കഴിഞ്ഞകാല നബിമാരെ വിളിച്ച് നബി(സ്വ) തേടിയിട്ടുണ്ടോ? എന്ന് മുജാഹിദുകൾ പലപ്പോഴും ചോദിക്കാറുണ്ട്. ഇപ്പോൾ നബിയെ വിളിക്കും എന്നത് തെളിവ് കിട്ടിയപ്പോൾ അത് വഹ്‌യുള്ള പ്രവാചകനല്ലേ എന്ന് പറഞ്ഞ് രക്ഷപ്പെടുകയാണ്. ഇത് ഒഴിഞ്ഞുമാറ്റമല്ലേ എന്നും ഇസ്തിഗാസക്കാർ ചിന്തിച്ചേക്കാം.

ഇവിടെ ഒരു കാര്യം മനസ്സിലാക്കണം. വിളിക്കും, ഉത്തരം ചെയ്യും എന്നല്ല നബി(സ്വ) പറഞ്ഞത്. മറിച്ച്, വിളിച്ചാൽ മറുപടി നൽകുമെന്നാണ്. അങ്ങനെ സംഭവിക്കുമെന്നല്ല ഹദീസ്. നബി(സ്വ) പറഞ്ഞതായി അബൂഹുറൈറ ഉദ്ധരിക്കുന്നതായി ഇമാം അഹ്മദിന്റെ രിവായത്തിൽ ഇങ്ങനെ കാണാം: ''എനിക്ക് ദീർഘായുസ് ലഭിച്ചാൽ ഈസ(അ)നെ കാണാമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് നേരത്തെ മരണമെത്തിയാൽ ഞാൻ 'അസ്സലാമു അലൈകും' പറഞ്ഞിട്ടുണ്ട് എന്ന് കണ്ട് മുട്ടുന്നവർ അദ്ദേഹത്തെ അറിയിക്കട്ടെ'' ഇത് നബി(സ്വ)യുടെ ഒരു അഭിലാഷ പ്രകടനം മാത്രമാണ്. സംഭവിച്ചതല്ല എന്ന് അനുഭവത്തിൽ നാം അറിഞ്ഞ കാര്യമാണല്ലോ?

ഈസാനബി വിളിച്ചാൽ ഞാൻ ഉത്തരം ചെയ്യുമെന്ന് പറഞ്ഞ ഹദീസ് സ്വഹീഹാണെന്നും അങ്ങനെ വിളിക്കുമെന്നും തന്നെ വെക്കുക. എന്നാൽ തന്നെ അവിടെ സഹായാർത്ഥനയുടെ കാര്യം പറഞ്ഞിട്ടില്ല. തർക്കത്തിലിരിക്കുന്ന ഇസ്തിഗാസയുടെ ഒരു സ്വരവും അതിലില്ല. ഇനി അഥവാ, ഈസനബി ഹജ്ജിന് വരുമ്പോൾ നബിയുടെ ക്വബ്ർ സിയാറത്തിനായി എത്തുമ്പോൾ 'അസ്സലാമു അലൈക്കും' എന്ന് സലാം പറയാനുള്ള വിളിയാണെന്നും സലാം മടക്കുമെന്നുമാണ് ഹദീസിന്റെ ആശയമെന്ന വ്യാഖ്യാനമനുസരിച്ച് തർക്കത്തിലിരിക്കുന്ന ഇസ്തിഗാസയുമായി ഇതിന് ബന്ധമില്ലെന്ന് വ്യക്തമാണ്.

നമ്മുടെ ചർച്ചാ വിഷയമായ അബൂയഅ്ല(റ)വിന്റെ ഹദീസിലുള്ള ഒരാൾ അഹ്മദ് ബ്നു ഈസയാണ്. ഇദ്ദേഹം ഇമാം ബുഖാരി, മുസ്‌ലിം എന്നിവരുടെ സ്വഹീഹൈനിയിലെ കണ്ണികളിൽ പെട്ട വ്യക്തിയാണ്. എങ്കിലും ആക്ഷേപ മുക്തനല്ല. എന്ത് കൊണ്ട് അദ്ദേഹം അസ്വീകാര്യനായിത്തീരുന്നു എന്ന് വിവരിക്കുന്നതിന്റെ മുമ്പ് സ്വഹീഹൈനിയുടെ സനദിൽ അത്തരക്കാർ ഉണ്ടാകുമോ? അങ്ങനെ ഉണ്ടാകുന്നത് ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീസിന്റെ സ്വീകാര്യതക്ക് ഭംഗമല്ലേ എന്നതൊക്കെ അൽപം ചിന്തിക്കാം. ഹാഫിളുൽ അസ്ക്വലാനി സ്വഹീഹുൽ ബുഖാരിക്കെഴുതിയ വ്യാഖ്യാനത്തിന്റെ മുഖവുരയിൽ പറയുന്നു: ''ഇമാം ബുഖാരി കൊണ്ടുവന്ന എല്ലാ റാവിയും നീതിമാനും ഭദ്രതയുള്ളവനുമാണെന്നും അശ്രദ്ധനല്ലായെന്നും ഏതൊരു നിഷ്പക്ഷ ചിന്തയുള്ളവനും (ഹദീസ് നിഷേധത്തിലൂടെ ബുദ്ധിമാനായി ചമയുന്നവനല്ലാത്ത)

അറിഞ്ഞിരിക്കൽ അനിവാര്യമാണ്. വിശേഷിച്ചും ഭൂരിപക്ഷ ഇമാമുകളും രണ്ട് കിതാബുകൾക്കും (ബുഖാരി, മുസ്‌ലിം) ഇരു സ്വഹീഹുകൾ എന്ന് ഏകോപിച്ച് പറഞ്ഞതും കൂടി ഇതിലേക്ക് ചേർത്ത് വായിക്കുമ്പോൾ.................... അടിസ്ഥാനപരമായി കൊണ്ടു വരുന്ന ഹദീസിന്റെ സനദിനാണ് ഇപ്പറഞ്ഞ നിയമം ബാധകമാകുന്നത്. എന്നല്ലാതെ അനുബന്ധാനുകരണത്തിന് വേണ്ടിയോ സാക്ഷിയായി ഉദ്ധരിക്കപ്പെട്ടതോ സനദ് കളയപ്പെട്ട ശേഷം കൊണ്ട് വന്ന ഹദീസുകൾക്കോ ബാധകമാകുകയല്ല'' (ഹദ്‌യുസ്സാരി 604)

ബുഖാരിയിലെ എല്ലാ ഹദീസുകളും സ്വഹീഹാകുന്നു. അതിലെ കണ്ണികളിലുള്ള എല്ലാവരും യോഗ്യൻമാരാകുന്നു. എന്നാൽ ആദ്യം സ്വഹീഹായ ഒരു സനദിലൂടെ ഒരു ഹദീസ് പറയുകയും ശേഷം അത്ര പ്രബലനല്ലാത്ത വ്യക്തിയുള്ള കണ്ണിയിലൂടെ അതേ ഹദീസ് വേറെ ഉദ്ധരിക്കുകയും ചെയ്യുമ്പോൾ അതിന്റെ കണ്ണികളിൽ പ്രബലനല്ലാത്ത ഒരാളുണ്ടെങ്കിൽ ആ ഒരാളെ എടുത്ത് കാണിച്ച് കൊണ്ട് ബുഖാരിയിൽ അയോഗ്യരുണ്ട് എന്നാക്ഷേപിക്കുന്നത് ശരിയല്ല എന്നിത് വ്യക്തമാക്കുന്നു.

ഇമാം അബൂയഅ്‌ല ഉദ്ധരിച്ച മേൽപറഞ്ഞ രിവായത്തിൽ അഹ്‌മത് ബ്നു ഈസ എന്നയാളുണ്ട് എന്ന് പറഞ്ഞുവല്ലോ. അദ്ദേഹം ആക്ഷേപിക്കപ്പെട്ടയാളാണ്. ഇദ്ദേഹം വഴി വന്ന ഹദീസുകൾ ബുഖാരിയിൽ ഉണ്ടല്ലോ എന്നതിനെക്കുറിച്ച് അസ്ക്വലാനി പറയുന്നു: ''അഹ്‌മദ് ബ്നു ഈസ വഴിയായി ബുഖാരി ഉദ്ധരിച്ച ഹദീസുകൾ ഒന്നും തന്നെ അദ്ദേഹം വഴി മാത്രം വന്നതല്ല.'' (ഹദ്‌യുസ്സാരി 608)

അഹ്‌മദ് ബ്നു ഈസ പ്രബലനല്ലെങ്കിലും അദ്ദേഹം വഴി ബുഖാരിയിൽ വന്ന ഹദീസുകൾ ബുഖാരിയിൽ തന്നെ അദ്ദേഹമല്ലാത്ത മറ്റ് പ്രബലരിലൂടെ തന്നെ ഉദ്ധരിക്കപ്പെട്ടതാണെന്ന് അസ്ക്വലാനി ഇവിടെ വ്യക്തമാക്കി. അഹ്‌മദ് ബ്നു ഈസയടക്കമുള്ള ചില പ്രബലരല്ലാത്ത ആളുകൾ വഴി ഇമാം മുസ്‌ലിം ഉദ്ധരിച്ചതിനെക്കുറിച്ച് ഇമാം നവവി ശറഹ് മുസ്‌ലിമിന്റെ മുഖവുരയിൽ പറഞ്ഞതിന്റെ ആശയച്ചുരുക്കം കാണുക: ''സഈദ് ബ്നു അംറ് ഒരിക്കൽ അബൂദർ അർറാസിയെ സമീപിക്കുകയുണ്ടായി. ആ അവസരം ഇമാം മുസ്‌ലിമിനെക്കുറിച്ചുള്ള സംസാരത്തിനിടയിൽ അഹ്‌മദ് ബ്നു ഈസ അടക്കമുള്ള ചിലർ വഴി വന്ന ഹദീസിനെക്കുറിച്ച് ആക്ഷേപമായി അബൂ ദർഅ പറയുകയുണ്ടായി. ഈ കാര്യം പിന്നീടൊരിക്കൽ സഈദ് ബ്ൻ അംറ് ഇമാം മുസ്‌ലിമിനോട് പറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു: 'സംഗതി ശരിയാണ്. പക്ഷെ വേറെ പ്രബലർ വഴി പ്രസ്തുത ഹദീസുകൾ എനിക്ക് സ്വഹീഹായി കിട്ടിയിട്ടുണ്ട്. പക്ഷെ അതെല്ലാം കണ്ണികളിലെ ആളുകളുടെ എണ്ണം കൂടിയതാണ്. അതിനാൽ എണ്ണം കുറഞ്ഞ ആളുകളിലൂടെ കിട്ടിയ ഹദീസ് ഞാൻ സ്വഹീഹിൽ ഉദ്ധരിച്ചെന്ന് മാത്രം''' (ശറഹ് മുസ്‌ലിം 1/47)

കണ്ടോ, പ്രബലരായ ആളുകളിലൂടെ തനിക്ക് സ്വഹീഹായി ലഭിച്ചത് കൊണ്ടാണ് അതേ ഹദീസ് ന്യൂനതയുള്ള സനദിലൂടെ ഉദ്ധരിച്ചതെന്നും അതിന് പ്രത്യേകം കാരണമുണ്ടെന്നും ഇമാം മുസ്‌ലിം തന്നെ ഇവിടെ വ്യക്തമാക്കിയത് നവവി ഇമാം എടുത്തു കാണിച്ചു.

ഇത് പോലെ അബൂയഅ്‌ലയുടെ പ്രസ്തുത ഹദീസിൽ ആക്ഷേപിക്കപ്പെട്ട മറ്റൊരാളാണ് അബൂസ്വഖ്ർ എന്ന വ്യക്തി. ഇമാം മുസ്‌ലിം അദ്ദേഹം വഴിയായി പല ഹദീസുകളും ഉദ്ധരിച്ചിട്ടുണ്ടെങ്കിലും പലതും അനുബന്ധാനുകരണമുള്ളവയാണ്. ഇമാം നവവി പറയുന്നു. ''സ്വഹീഹിന്റെ നിബന്ധന ഒക്കാത്ത ചില ആളുകൾ വഴി ഇമാം മുസ്‌ലിം ഹദീസുദ്ധരിച്ചത് കാരണം, അദ്ദേഹത്തിന് ചിലർ കുറവ് പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന് അക്കാര്യത്തിൽ ഒരു ന്യൂനതയുമില്ല. അതിന് പല നിലക്കുമുള്ള മറുപടികളുണ്ട്'' (ശറഹ് മുസ്‌ലിം 1/45)

ഇങ്ങനെ പല കാരണങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഒരു കാരണം പറഞ്ഞത് അഹ്മദ് ബ്നു ഈസ യുടെ ഹദീസുദ്ധരിച്ചതിൽ പറഞ്ഞ ഒരു കാരണം തന്നെയാണ്. അബൂസ്വഖ്ർ സത്യവാനായി രിക്കെ അദ്ദേഹത്തിന് ഓർമക്കുറവ് സംഭവിച്ചിരുന്നുവെന്ന് അസ്ക്വലാനി പറഞ്ഞിട്ടുണ്ട്. (തഖ്രീ ബുത്തഹ്ദീബ് 181)

അത്പോലെ അബൂയഅ്ലയുടെ പ്രസ്തുത ഹദീസിൽ സഅ്ദ് ബിൻ അബീ സഈദിൽ(റഹി) നിന്നാണ് അബൂസ്വഖ്ർ ഉദ്ധരിക്കുന്നത്. അദ്ദേഹം ബുഖാരിയുടെയും മുസ്ലിമിന്റെയും റാവി കളിൽ പെട്ട ആളാകുന്നു. പക്ഷെ, അവസാന കാലത്തെ നാല് വർഷം പിശക് പറ്റാറുണ്ടായിരു ന്നുവെന്ന് ഹദീസ് പണ്ഡിതൻമാർ പറഞ്ഞതായി ഹാഫിളുൽ അസ്ക്വലാനി രേഖപ്പെടുത്തിയിട്ടു ണ്ട്. ആകയാൽ ഈ ആളുകളിൽ നിന്നെല്ലാം ഏത് കാലത്താണ് ഹദീസുകൾ സ്വീകരിക്കപ്പെ ട്ടത്, ഏത് കാലത്താണ് അവരിൽ നിന്ന് കേട്ടത് എന്നെല്ലാം തെളിയിക്കപ്പെട്ടാലേ പ്രസ്തുത ഹദീ സുകൾ തെളിവാകൂ.

എന്നാൽ ബുഖാരിയും മുസ്ലിമും സൂക്ഷ്മമായി പരിശോധിച്ച ശേഷം മാത്രമാണ് അവരുടെ ഹദീസുകൾ സ്വീകരിക്കാറുള്ളൂ. ഓർമ്മക്കുറവ് വരുന്നതിന്റെ മുമ്പ് ഉദ്ധരിച്ചതാണെന്ന് ചരിത്രം പരിശോധിച്ച് മാത്രമേ ഉദ്ധരിക്കാറുള്ളൂ. അതിനാൽ അത്തരം ആളുകൾ ബുഖാരി–മുസ്ലിമിന്റെ സനദുകളിൽ വന്നാൽ കുഴപ്പമില്ല എന്നാണ് പണ്ഡിതാഭിപ്രായം.